ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/11/2017*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**






- **For scientific Ayurvedic treatments with a traditional touch**
- **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- **Specialised in SIDHA medicine**

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 6 ലക്കം 5

വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 കാർത്തിക – മാർഗ്ഗശീർഷ
1193 തുലാം – വൃശ്ചികം 2017 നവംബർ

വാർഷിക വരിസംഖ്യ: ₹ **100/-** ദീർഘകാലം: ₹**1500/-**



## ആചാര്യ നരേന്ദ്രഭൂഷൺ (1937 – 2010)

<u>ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കേണ്ട പ്രധാന ദിനങ്ങൾ</u>

| | | |
|---|---|---|
| നവംബർ 4 | : | ഭായ് പരമാനന്ദ് ജന്മദിനം |
| നവംബർ 11 | : | ഗുരു തേജ് ബഹാദൂർ രക്തസാക്ഷി ദിനം |
| നവംബർ 15 | : | മഹാത്മ ഹൻസ്‌രാജ് നിർവ്വാണ ദിനം |
| നവംബർ 16 | : | ആചാര്യ നരേന്ദ്രഭൂഷൺ നിർവ്വാണ ദിനം |
| നവംബർ 17 | : | ലാലാ ലജ്പത്‌റായ് നിർവ്വാണ ദിനം |
| നവംബർ 30 | : | പഴശ്ശിരാജ രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

## മണ്ഡലം 1 സൂക്തം 7



മധുഛന്ദാഃ ഋഷിഃ ഇന്ദ്രോ ദേവതാ ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ

**സ നോ വൃഷണമും ചരും സത്രാദാവന്നപാവൃധി|**
**അസ്മഭ്യ പ്രേതിഷ്കുതഃ||**

(ഋഗ്വേദം 1.7.6)

**പദാർത്ഥം**: അല്ലയോ (വൃഷൻ) സുഖങ്ങളെ വർഷിക്കുന്നവനും (സത്രാദാവൻ) സത്യജ്ഞാനത്തെ നൽകുന്നവനുമായ (സഃ) പരമേശ്വരാ! അങ്ങ് (അസ്മഭ്യമ്) ഞങ്ങൾ അങ്ങയുടെ ആജ്ഞയാലും സ്വന്തം പുരുഷാർത്ഥത്താലും വർത്തിക്കുന്നവരാണ്. അങ്ങേക്കായി (അപ്രതിഷ്കുതഃ) ഉറപ്പാക്കുന്നവനായ (നഃ) ഞങ്ങളുടെ (അമുമ്) ആ ആനന്ദത്തെ നൽകുന്ന പ്രത്യക്ഷമോക്ഷദ്വാരം (ചരുമ്) ജ്ഞാനലാഭത്താൽ (അപാവൃധി) തുറന്നാലും.

അതേപോലെ അല്ലയോ പരമേശ്വരാ! അങ്ങയാൽ ഉണ്ടാക്കപ്പെട്ട (വൃഷൻ) ജലത്തെ വർഷിക്കുന്നവനും (സത്രാദാവൻ) ഉത്തമോത്തമ പദാർത്ഥങ്ങളെ പ്രാപിക്കുന്നവനും (അപ്രതിഷ്കുതഃ) തന്റെ സ്ഥാനത്ത് സ്ഥിരമായിരിക്കുന്നവനായ സൂര്യൻ (അസ്മഭ്യമ്) ഞങ്ങൾക്ക് (അമുമ്) ആകാശത്തിൽ വസിക്കുന്ന ഈ (ചരുമ്) മേഘത്തെ (അപാവൃധി) ഭൂമിയിൽ വീഴ്ത്തുന്നു.

**ഭാവാർത്ഥം**: ഏതൊരു മനുഷ്യനാണോ തന്റെ ദൃഢതയാൽ സത്യവിദ്യയുടെ അനുഷ്ഠാനവും ഈശ്വരാജ്ഞയുടെ പാലനവും നടത്തുന്നത്, അയാളുടെ ആത്മാവിലുള്ള അവിദ്യാരൂപി അന്ധകാരത്തിന്റെ നാശം അന്തര്യാമിയായ പരമേശ്വരൻ നടത്തുന്നു. അങ്ങനെ അയാൾ പുരുഷ ധർമ്മത്തേയും പുരുഷാർത്ഥത്തേയും ഒരിക്കലും ഉപേക്ഷിക്കുന്നില്ല.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**
**തർജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദ സന്ദേശം വരിക്കാരുടെ ശ്രദ്ധക്ക്

**കഴിഞ്ഞ അഞ്ചുവർഷത്തിലധികമായി കടുത്ത സാമ്പത്തിക പരാധീനതകളിലൂടെയാണ് മാസിക മുടങ്ങാതെ പ്രസിദ്ധീകരിച്ചു വരുന്നത്. അച്ചടിച്ചിലവും മറ്റും ക്രമാതീതമായി വർദ്ധിച്ചതിനാൽ മാസികയുടെ വരിസംഖ്യ പുതുക്കി നിശ്ചയിക്കേണ്ടി വന്നിരിക്കുന്നു. വാർഷിക വരിസംഖ്യ 100/- രൂപയായും ദീർഘകാല വരിസംഖ്യ 1500/- രൂപയുമായിരിക്കും. വായനക്കാരുടെ അകമഴിഞ്ഞ സഹകരണം തുടർന്നും ഉണ്ടാവണമെന്നഭ്യർത്ഥിക്കുന്നു.**

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ബാലസംസ്കാര ശിബിരം

**ക**ാറൽമണ്ണ വേദഗുരുകുലത്തിന്റെ രണ്ടാം വാർഷികോത്സവം വേദായനം 2017ന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി 'ബാലസംസ്കാരശിബിരം' നടത്തുന്നു. ഡിസംബർ 25 മുതൽ 30 വരെ നടക്കുന്ന ഈ സഹവാസ ശിബിരത്തിൽ വ്യക്തിത്വവികസനം. പ്രസംഗപരിശീലനം, സന്ധ്യാവന്ദനം, അഗ്നിഹോത്രം, വേദസൂക്തങ്ങൾ, യോഗ-പ്രാണായാമ-ധ്യാനം എന്നിവയുടെ പഠനവും പരിശീലനവും ഗുണപാഠകഥകൾ, കളികൾ, ആയോധന കലകൾ തുടങ്ങി വിവിധ വിഷയങ്ങൾ ഉണ്ടായിരിക്കും. അഞ്ചാംതരം മുതൽ പത്താംതരംവരെ പഠിക്കുന്ന ആൺകുട്ടികൾക്കാണ് ഈ പൂർണ്ണസമയ സഹവാസ ശിബിരത്തിലേക്ക് പ്രവേശനം ലഭിക്കുക. സ്ഥലപരിമിതികാരണം ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമേ ഈ ശിബിരത്തിൽ പങ്കെടുക്കാനാവൂ. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക. 9562529095, 9497127923, 9446017440

## വേദഗുരുകുലത്തിലേക്ക് പ്രവേശനം ആരംഭിച്ചു

വെള്ളിനേഴിആര്യസമാജത്തിന്റെ നേതൃത്വത്തിൽ വേദപ്രചാരകരെ വാർത്തെടുക്കുന്നതിനായി കാറൽമണ്ണയിൽ പ്രവർത്തിക്കുന്ന വേദഗുരുകുലത്തിൽ (പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയം) 2017 ഡിസംബർ 25 ന് ആരംഭിക്കുന്ന പുതിയ ബാച്ചിലേക്ക് ഹ്രസ്വകാല / ദീർഘകാല കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു. പത്താംതരം പാസ്സായവരും വൈദിക വിഷയങ്ങളിൽ അഭിരുചി ഉള്ളവരും ധർമ്മപ്രചാരണത്തിൽ പങ്കാളികളാവാൻ സന്നദ്ധതയുള്ളവരുമായ തിരഞ്ഞെടുക്കപ്പെട്ട ഏതാനും ആൺകുട്ടികൾക്കാണ് പ്രവേശനം നൽകുക. വൈദികസാഹിത്യം (വേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ) അഷ്ടാദ്ധ്യായി വ്യാകരണം, നിരുക്തം, ഛന്ദഃശാസ്ത്രം, വേദാംഗ ജ്യോതിഷം, യോഗപ്രണായാമം, ഷോഡശസംസ്കാരങ്ങൾ നടത്തുന്നതിനുള്ള പരിശീലനം എന്നിവക്കു പുറമേ മതങ്ങളുടെ താരതമ്യ പഠനം, കമ്പ്യൂട്ടർ പരിജ്ഞാനം, ശാസ്ത്രാർത്ഥം (മത സംവാദങ്ങൾ) നടത്തുന്നതിനുള്ള പരിശീലനം, ആയോധനകലകൾ എന്നിവയും പാഠ്യവിഷയങ്ങളായിരിക്കും.

പ്രവേശന പരീക്ഷക്കും അഭിമുഖത്തിനും ശേഷം യോഗ്യരാണെന്ന് ബോദ്ധ്യപ്പെട്ടവർക്ക് മാത്രമേ പ്രവേശനം നൽകുകയുള്ളൂ. പഠനം, താമസം എന്നിവ സൗജന്യമായിരിക്കും. പഠനശേഷം ഇവർ ധർമ്മപ്രചാര പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന നിബന്ധനയുമുണ്ട്. ഗുരുകുലത്തിലെ വ്യാവഹാരിക ഭാഷ സംസ്കൃതമായിരിക്കും. ബ്രഹ്മചാരികൾ ഗുരുകുലത്തിൽ തന്നെ താമസിച്ചു പഠിക്കണം. ഇടക്കാലത്ത് പുറത്ത് പോകാൻ അനുവാദമുണ്ടായിരിക്കില്ല. പഠനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രശസ്തിപത്രവും വൈദിക ബിരുദങ്ങളും നൽകും. വർണ്ണ/വർഗ്ഗ ഭേദമന്യേ വേദജിജ്ഞാസുക്കളായ യോഗ്യരായ ആർക്കും പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കും. താത്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9562529095, 9497127923, 9446017440

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്‌ലേഖ്റാം

കെ.എം.രാജൻ

### വിവാഹം



**ലേ**ഖ്റാമിന്റെ മാതാപിതാക്കൾ അദ്ദേഹം ഗൃഹസ്ഥാശ്രമം സ്വീകരിക്കണമെന്നാഗ്രഹിച്ചു. എന്നാൽ ലേഖ്റാമാകട്ടെ തന്റെ കൂടുതൽ സമയവും ഭക്തിസംഗീതത്തിനായി ചെലവഴിക്കാനാണാഗ്രഹിച്ചത്. ഈശ്വരഭജനത്തിനുള്ള ഒരു തടസ്സമായാണ് ഗൃഹാസ്ഥമത്തെ അദ്ദേഹം കണ്ടത്. മാതാപിതാക്കൾ നിരന്തരം അദ്ദേഹത്തെ വിവാഹിതനാവാൻ നിർബന്ധിച്ചിരുന്നു. എന്നാൽ ആ ജീവാനന്തം ഒരു ബ്രഹ്മചാരിയായി ഒരു വ്യക്തിക്ക് ചെയ്യാൻ കഴിയുന്നത്ര കാര്യം ഒരു ഗൃഹസ്ഥനെകൊണ്ടാവില്ലാ എന്നദ്ദേഹം കരുതിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ബന്ധുക്കൾ ലേഖ്റാമിന്റെ അമ്മാവനായ ഗണ്ഡാറാമിനോട് ലേഖ്റാമിനെ അനുനയിപ്പിക്കാൻ ആവശ്യപ്പെട്ടു. എന്തെന്നാൽ പണ്ഡിറ്റ് ലേഖ്റാം തന്റെ ബാല്യകാലത്ത് അമ്മാവനായ ഗണ്ഡാറാമിനൊപ്പമാണ് താമസിച്ചിരുന്നത്. അതിനാലദ്ദേഹത്തിന്റെ വാക്കുകൾ ലേഖ്റാം തള്ളിക്കളയില്ലെന്ന് അവർ വിശ്വസിച്ചു. അവസാനം ലേഖ്റാം വിവാഹത്തിന് സമ്മതം മൂളി.

ഋഷിദയാനന്ദൻ ലേഖ്റാമിനോട് 25 വയസ്സുവരെ വിവാഹം കഴിക്കരുതെന്ന് നിർദ്ദേശം നൽകിയിരുന്നു. അദ്ദേഹമത് ശിരസാ വഹിച്ചുനടപ്പാക്കി 36 വയസ്സുവരെ ബ്രഹ്മചാരിയായി ജീവിച്ചു. വിക്രമിസംവത്സരം 1950 വൈശാഖ മാസത്തിൽ പർവ്വതീയ പ്രദേശമായ ഭന്ത് ഗ്രാമത്തിലെ ലക്ഷ്മി ദേവിയെ അദ്ദേഹം വിവാഹം കഴിച്ചു. ലക്ഷ്മിദേവിക്ക് അക്ഷരാഭ്യാസമുണ്ടായിരുന്നില്ല. അദ്ദേഹം അവരെ വീട്ടിൽവെച്ചു പഠിപ്പിച്ചു.

ഋഷി ദയാനന്ദന്റെ നിർവ്വാണശേഷം അദ്ദേഹത്തിന്റെ ജീവചരിത്രം തയ്യാറാക്കാനായി ആര്യസമാജത്തിന്റെ വിവിധ സ്ഥലങ്ങളിൽ വസിക്കുന്നവർ ആവശ്യമുന്നയിച്ചു തുടങ്ങി. തികച്ചും ദുഷ്കരമായ ഇക്കാര്യം ചെയ്യാൻ പണ്ഡിറ്റ് ലേഖ്റാമിനെ പഞ്ചാബ് ആര്യ പ്രതിനിധി സഭ ചുമതലപ്പെടുത്തി. ഇതുവരെ പഞ്ചാബായിരുന്നു ലേഖ്റാമിന്റെ കർമ്മക്ഷേത്രം. ഋഷിയുടെ ജീവചരിത്രമെഴുതാനായി അദ്ദേഹം ഭാരതം മുഴവൻ ചുറ്റി സഞ്ചരിച്ചു. ഇക്കാലത്താണ് സ്വാമി ശ്രദ്ധാനന്ദനുമായി ലേഖ്റാമിന്റെ സുഹൃദ് ബന്ധം ശക്തിപ്പെട്ടത്.

മഹർഷിയുടെ ജീവചരിത്രസാമഗ്രികൾ ശേഖരിക്കുന്നതിനായി അദ്ദേഹം ആദ്യം മഥുരയിലെത്തി. ആ സമയത്ത് സ്വാമിവിരജാനന്ദന്റെ ശിഷ്യന്മാരായ പണ്ഡിറ്റ് യുഗൾ കിഷോറും പണ്ഡിറ്റ് ദാമോദർ ചൗബേയും ജീവിച്ചിരിപ്പുണ്ടായിരുന്നു. അവർ മഹർഷി ദയാനന്ദന്റെ സഹപാഠികളായിരുന്നു. മഥുരയിൽ കുറച്ചുനാൾ താമസിച്ച ശേഷം മഹർഷി ദയാനന്ദൻ സന്ദർശിച്ചിടത്തെല്ലാം ജീവചരിത്രത്തിനുവേണ്ടുന്ന വസ്തുതകൾ ശേഖരിക്കാനായി അദ്ദേഹം ചുറ്റിക്കറങ്ങി.

സിന്ധ് ഹൈദരാബാദിലെ ഏതാനും ഹിന്ദുക്കളും മുസൽമാന്മാരും ക്രിസ്തുമതം സ്വീകരിക്കുന്നതായി ഒരുക്കം കൂട്ടുന്നുണ്ടായിരുന്നു. ഇക്കാര്യം കൈകാര്യം ചെയ്യാനായി പഞ്ചാബ് ആര്യ പ്രതിനിധിസഭ ലേഖ്റാമിനെ ചുമതലപ്പെടുത്തി. സിന്ധിഭാഷവശമായിരുന്ന സ്വാമി പൂർണ്ണാനന്ദജിക്കൊപ്പം ലേഖ്റാം അവിടെ എത്തി. ക്രിസ്ത്യാനികളായിത്തീരുന്നതിൽനിന്നും അവരെ രക്ഷപ്പെടുത്തി. വൈദികധർമ്മപ്രചാരണത്താൽ ജനങ്ങളെ അദ്ദേഹം കർമ്മനിരതനാക്കി.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക–ദാർശനിക മാസിക

പുസ്തകം : 6 ലക്കം 5

വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 കാർത്തിക – മാർഗ്ഗശീർഷ
1193 തുലാം – വൃശ്ചികം 2017 നവംബർ



**രക്ഷാധികാരി**
സ്വാമി അശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാധ്യയനം : | |
| മുഖവാണി : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക : | 5 |
| ഉപദേശമഞ്ജരി : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും : | 7 |
| വേദപ്രകാശം പാഠാവലി : | 8 |
| ജീവിതം ഒരലയാഴി : | 9 |
| യോഗദർശനം : | 10 |
| സംശയനിവാരിണി : | 11 |
| വ്യവഹാര ഭാനുഃ : | 12 |
| വേദങ്ങളെ അറിയുക : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം : | 14 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

## വേദങ്ങൾ അപൗരുഷേയമോ?

(തുടർച്ച)



8. പ്രശംസ – മനുഷ്യർ പ്രത്യേകം സൽകർമങ്ങളിൽ കർമ്മനിരതനാവാൻ വേണ്ടി ചില മന്ത്രങ്ങളിൽ പല സത്കാര്യങ്ങളുടെയും പ്രശംസ അടങ്ങിയിട്ടുണ്ടാവും. ഉദാഹരണത്തിന് ദാന – സ്തുതി – സൂക്തത്തിൽ ദാനിയേ പ്രശംസിച്ചുകൊണ്ട് പറയുന്നു. ദാനിയുടെ ഗൃഹം താമരയിലകളാൽ അലംകൃതമായസരസ്സ്പോലെ ശോഭിക്കും. "ഭോജസ്യേദം പുഷ്കരണീവവേശ്മ' (ഋഗ്വേദം 10.107.10)

യാസ്കൻ മേൽവിവരിച്ച എട്ടു ശൈലികളെയാണ് അർത്ഥത്തിന്റെ ദൃഷ്ടിയിൽ പ്രതിപാദിച്ചിട്ടുള്ളത്. മറ്റു ശൈലികളെയും ഇതിൽ ഉൾപ്പെടുത്താവുന്നതാണ് എന്ന് തന്റെ ഉപസംഹാര ഭാഗത്തിൽ അദ്ദേഹം പറുന്നുണ്ട്. 'ഇപ്രകാരം അനേകവിധ അഭിപ്രായത്താൽ ഋഷി മന്ത്രദർശനം ചെയ്യുന്നു.'

ശൗനകന്റെ ബൃഹദ്ദേവതയിൽ 36 തരം ശൈലികളെപറ്റി പറയുന്നുണ്ട്.

*അഗ്നിനാഗ്നിഃ സമിധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

വേദങ്ങളിൽ പലതരത്തിലുള്ള ശൈലികളും ആഖ്യാനങ്ങളുമുണ്ടെന്ന് കണ്ടു. വേദമന്ത്രങ്ങളെല്ലാം ഈശ്വരകൃതമാണ്. എന്നാൽ അവ ചിലയിടങ്ങളിൽ സേനാപതി പറയുന്നതായും മറ്റു ചിലേടങ്ങളിൽ പണ്ഡിതർ പറയുന്നതായും, വിദ്യാർത്ഥികൾ പറയുന്നതായും, ആചാര്യൻ പറയുന്നതായും കാണാം. ഇവയെല്ലാം കഥാപാത്രങ്ങളുടെ വ്യത്യസ്ത മുഖങ്ങളിലൂടെ പറയുന്ന രീതിയിൽ ആണ് എന്ന് മനസ്സിലാക്കുക. എന്തെന്നാൽ വേദമന്ത്രങ്ങളാൽ മനുഷ്യർ പരസ്പരം എങ്ങനെ പെരുമാറണം സംസാരിക്കണം ഇത്യാദി പഠിപ്പിക്കുകയാണ് ഈശ്വരൻ. ഗുരുവില്ലാതെ വിദ്യ അഭ്യസിക്കാനാവില്ലല്ലോ. ഈശ്വരൻ ഈ ചതുർവ്വേദങ്ങളുടെ മാദ്ധ്യമത്താൽ സർവ്വ വിദ്യകളും വ്യവഹാരങ്ങളും മനസ്സിലാക്കിപ്പിച്ചു. 'അഗ്നിമീളേപുരോഹിതം' എന്ന മന്ത്രത്തിൽ ഒരു പണ്ഡിതൻ പറയുന്നു. "ഞാൻ അഗ്നി എന്ന സർവ്വജ്ഞനായ പരമാത്മാവിന്റെ സ്തുതി ചെയ്യുന്നു." ഇത് ഒരാളുടെ സംവാദത്തിൽ നിന്നുണ്ടായതാണെങ്കിലും ഈ മന്ത്രം ഈശ്വരകൃതമാണ് എന്ന് സാരം.

വേദങ്ങളിൽ പലതരത്തിലുള്ള പ്രാർത്ഥനകളും ഗായത്രിപോലുള്ള മന്ത്രങ്ങളും ചൊല്ലാൻ ഈശ്വരൻ സ്വയം പറയുന്ന തരത്തിലുള്ള മന്ത്രങ്ങളുള്ളതെന്തുകൊണ്ടാണ് എന്ന സംശയത്തിനുള്ള മറുപടിയാണ് ഇതുവരേക്കും എഴുതിയത്. അതിനെ സംക്ഷിപ്തമായി ഒന്നുകൂടി വ്യക്തമാക്കാം. വേദങ്ങളിലെ വിഭിന്ന മന്ത്രങ്ങളിൽ ഈശ്വരസ്തുതി മൂന്നു പ്രകാരത്തിൽ ഉണ്ട്. ചില മന്ത്രങ്ങളിൽ പ്രഥമപുരുഷന്റെ ക്രിയയുടെ പ്രയോഗമാണ്. അവയിൽ സന്ദർഭത്തിനനുസരിച്ച് അതിന്റെ പദത്തിന്റെ കർത്താവ്, കർമ്മം എന്നിവ പ്രഥമ, ദ്വിദീയ തുടങ്ങിയ ഏഴു വിഭക്തികളിൽ ഏതുമാവാം. ഇത്തരം മന്ത്രങ്ങളെയാണ് പരോക്ഷകൃതമെന്ന് നേരത്തെപറഞ്ഞത്. ചില മന്ത്രങ്ങളിൽ മദ്ധ്യമ പുരുഷന്റെ ക്രിയകളുടെ പ്രയോഗം കാണാം. 'ത്വം' തുടങ്ങിയ സർവ്വനാമങ്ങളുടെ പ്രയോഗമുണ്ടതിൽ. 'പ്രത്യക്ഷകൃത' മെന്നാണിത്തരം മന്ത്രങ്ങളെ പറയുന്നത്. 'അഹം' തുടങ്ങിയ ഉത്തമപുരുഷന്റെ ക്രിയകളുടെ പ്രയോഗമുള്ള മന്ത്രങ്ങളെ 'ആദ്ധ്യാത്മികകൃത' മന്ത്രങ്ങളെന്നു പറയും. വ്യാകരണദൃഷ്ടിയിൽ മന്ത്രങ്ങളുടെ ശബ്ദരചനയുടെ അടിസ്ഥാനത്തിൽ ഈ മൂന്നു രീതികളും (പരോക്ഷകൃതം, പ്രത്യക്ഷകൃതം, ആദ്ധ്യാത്മിക കൃതം) മന്ത്രങ്ങളുടെ പാരിഭാഷിക സംജ്ഞയാണ്. കുറാൻ, ബൈബിൾ തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഇത്തരത്തിലുള്ള വ്യവസ്ഥകൾ കാണാൻ കഴിയില്ല. വേദമന്ത്രങ്ങൾക്ക് ആദ്ധ്യാത്മികം, ആധിഭൗതികം ആധിദൈവികം എന്നിങ്ങനെ മൂന്നുതരത്തിൽ വ്യാഖ്യാനമുണ്ടെന്നും ഓർക്കുക.

വേദങ്ങളുടെ രചനയും ശൈലിയും മറ്റും സ്മൃതിഗ്രന്ഥങ്ങളുടേതിൽ നിന്ന് വ്യത്യസ്തമാണ്. വേദങ്ങളേപ്പോലെ സ്മൃതിഗ്രന്ഥങ്ങളും ധർമ്മശാസ്ത്രങ്ങളുടെ ഗണത്തിൽ വരും. എന്നാൽ അവയിലെ ശൈലി വളരെ വ്യത്യസ്തമാണ്. സ്മൃതിഗ്രന്ഥങ്ങളിൽ വർണ്ണാശ്രമ ധർമ്മങ്ങൾ, രാജഭരണം തുടങ്ങിയ വിഷയങ്ങളെ പ്രത്യേകം പ്രത്യേകം ഭാഗങ്ങളായി വിവരിക്കുമ്പോൾ വേദങ്ങളിൽ അത്തരം ക്രമബദ്ധമായി കണ്ടെന്നു വരില്ല. അഗ്നി, ഇന്ദ്രൻ തുടങ്ങിയവരുടെ സ്തുതി വിഷയത്തിൽ വിവധ സ്ഥലങ്ങളിൽ വൈവിധ്യപൂർണ്ണമായ വർണ്ണനകൾ കാണാം. അവയെ വ്യാകരണ ശാസ്ത്രത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ സൂക്ഷ്മദൃഷ്ടിയോടെ നോക്കേണ്ടതുണ്ട്. സ്മൃതി ശാസ്ത്രങ്ങളിൽ ഭാഷയുടെ സ്പഷ്ഠത കൂടുതൽ വ്യക്തമാണ്. എന്നാൽ വേദഭാഷ രഹസ്യമയമാണ്.

വേദങ്ങൾ ഈശ്വരീയകൃതമാണെന്ന് മേൽ വിവരിച്ച വിവരണങ്ങളിൽ നിന്ന് സിദ്ധിക്കുന്നു.

**പത്രാധിപർ**





**(മുൻ ലക്കത്തിന്റെ തുടർച്ച)**

# വേദങ്ങളെ അറിയുക

**ഡോ. വിവേക് ആര്യ**
**തർജ്ജമ: കെ. എം. രാജൻ**

## അദ്ധ്യായം 2 — വേദവും ശൂദ്രനും

**ജാ**തിവാദം പരിഷ്കൃതസമാജത്തിന്റെ നെറ്റിയിലെ ഒരു കളങ്കമാണ്. മനുഷ്യർക്കിടയിലെ ഉച്ചനീചത്വങ്ങൾക്കും കലഹങ്ങൾക്കും ഇത് വഴി തെളിക്കുന്നു. എല്ലാമനുഷ്യരും ഈശ്വരന്റെ സന്താനങ്ങളാണെന്നറിഞ്ഞിട്ടും അയിത്തം, ഉച്ചനീചത്വ ഭാവന, പരസ്പരം ഭേദഭാവം വെച്ചുപുലർത്തുക എന്നിവ അനുവർത്തിക്കുന്നത് അജ്ഞതയുടെ ലക്ഷണമാണ്.

ചിലരുടെ അഭിപ്രായമനുസരിച്ച് ജാതീയതയുടെ മൂലകാരണം വേദങ്ങളും മനുസ്മൃതിയുമാണെന്നാണ്. എന്നാൽ വൈദികകാലത്ത് ജാതിവ്യവസ്ഥയോ അയിത്താചരണമോ നിലനിന്നിരുന്നതായി വിദേശീയരായ ചരിത്രകാരന്മാർപോലും കരുതുന്നില്ല.

വൈദികകാലത്ത് വർണ്ണവ്യവസ്ഥക്ക് പ്രാധാന്യമുണ്ടായിരുന്നു. ഒരാളുടെ ഗുണകർമ്മസ്വഭാവമനുസരിച്ച് അയാളുടെ വർണ്ണം നിശ്ചയിച്ചിരുന്നു. എന്നാൽ ജാതി സമ്പ്രദായമെന്ന വിഷവൃക്ഷം നിലവിൽവന്നതോടെ നമ്മുടെ സമാജത്തിന് വന്ന കഷ്ടതകൾക്ക് കയ്യും കണക്കുമില്ല. തൻമൂലം പരസ്പരവിശ്വാസമില്ലായ്മ, ഐക്യമില്ലായ്മ, സംഘടനാബോധമില്ലായ്മ എന്നിവ വളരുകയും വിദേശാക്രമണകാരികളുടെ അധീശത്വത്തിൽ നാം ആണ്ടുപോകുകയും ചെയ്തു. പരസ്പര ചേർച്ചയില്ലാത്ത വധൂവരന്മാരുടെ വിവാഹമാരംഭിച്ചതോടെ ദുർബ്ബലരും ഗുണരഹിതരുമായ സന്താനങ്ങൾ ഉണ്ടായി തുടങ്ങി. പരസ്പര ബന്ധം ഇല്ലാതായതോടെ വിദ്യാഗുണം സംസ്കാരം, വ്യവസായം തുടങ്ങിയവയുടെ ഉന്നമനം കുറഞ്ഞു.

**ചോദ്യം 1 : ജാതിയും വർണ്ണവും തമ്മിലെന്താണ് വ്യത്യാസം?**

**ഉത്തരം:** ഉത്ഭവത്തിന്റെ അടിസ്ഥാനത്തിലുണ്ടാവുന്ന ഗുണവിശേഷമാണ് ജാതി. 'സമാനപ്രസവാത്മിക, ജാതി,' എന്നാണ് ന്യായദർശനം (2.2.71) പറയുന്നത്. അതായത് ഏതൊന്നിന്റെ പ്രസവത്താൽ അഥവാ ജന്മത്താൽ അടിസ്ഥാനപരമായി സാമ്യതയുണ്ടാവുന്നത് അല്ലെങ്കിൽ ഉൽപത്തിയുടെ ഘടന എങ്ങനെയാണോ ഒരുപോലെയാകുന്നത് അത് ജാതി എന്നർത്ഥം.

'ആകൃതിർജാതിലിംഗാത്' - ന്യായദർശനം 2.2.65 ൽ പറയുന്നു. 'ആരുടെ ആകൃതി (ഇന്ദ്രിയങ്ങൾ തുടങ്ങിയവ) യാണോ സമാനമായിട്ടുള്ളത് അത് അയാളുടെ ജാതിയാണ് എന്ന്.

ഒരേതരത്തിലുള്ള പ്രാണികളുടെ ശാരീരികാംഗങ്ങൾ സമാനായി കാണാം. ഒരു ജാതിയും മറ്റൊരു ജാതിയുമായി പരിവർത്തനം ചെയ്യാനാവില്ലാ എന്നത് സൃഷ്ടിനിയമമാണ്. മാത്രമല്ല, ഭിന്നജാതികൾ തമ്മിൽ സന്താനോദ്പാദനവും സാധ്യമല്ല. അതായത് എല്ലാ ജാതികളും ഈശ്വര നിമിത്തമാണ്. മനുഷ്യരുണ്ടാക്കിയതല്ല. സർവ്വമാനവരുടേയും ഉൽപത്തി, ശാരീരക ഘടന സന്താനോത്പത്തി എന്നിവ സമാനമായതിനാൽ അവരുടെ ജാതി ഒന്നാണ്. അത് മനുഷ്യൻ എന്നാണ്. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിവ 'വർണ്ണം' ആണ്. അതായത് വരിക്കപ്പെടുന്നത് തിരഞ്ഞെടുക്കപ്പെടുന്നത് എന്നർത്ഥം. തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള അടിസ്ഥാനം ഗുണ-കർമ്മ-സ്വഭാവങ്ങളാണ് വർണ്ണാശ്രമവ്യവസ്ഥ പൂർണ്ണമായും വൈദികമാണ്. മനുഷ്യരെ പരസ്പരം സഹായിക്കുന്നവരാക്കി വിഭിന്ന കാര്യങ്ങൾ വീതിച്ചുകൊടുത്ത് അവരുടെ യോഗ്യതക്കനുരൂപമായ ജോലികളിൽ ഏർപ്പെടുത്തുക. അവരുടെ ജീവിതായോധനത്തിന് വഴിയുണ്ടാക്കുക എന്നിവയൊക്കെയാണ് 'വർണ്ണം' കൊണ്ടുള്ള മുഖ്യ ഉദ്ദേശങ്ങൾ.

**(തുടരും)**

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ചോദ്യം : ശൂരവീരന്മാരെന്ന് വിളിക്കുന്നതാരേയാണ്?**
**ഉത്തരം:**

**വേദാƒദ്ധ്യായനശൂരാശ്ച ശൂരാശ്ചദ്ധ്യയനേരതാഃ|**
**ഗുരുശുശ്രൂഷയാ ശൂരാഃ പിതൃശുശ്രൂഷയാƒപരേ||**
**മാതൃശുശ്രൂഷയാ ശൂരാ ഭൈക്ഷ്യശൂരാസ്തഥാ പരേ|**
**അരണ്യഗൃഹവാസേ ച ശൂരാശ്ചƒതിഥി പൂജനേ||**

ഏതൊരു മനുഷ്യനാണോ വേദാദിശാസ്ത്രങ്ങളെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് അയാൾ ശൂരവീരനാണ്. ദുഷ്ടന്മാരെ ശിക്ഷിക്കുകയും ശ്രേഷ്ഠന്മാരെ പരിപാലിക്കുയും ചെയ്യുന്നവരും ശൂരവീരന്മാരാണ്. കാപട്യമില്ലാത്തവരും പരോപകാരികളുമായ ഗുരുക്കന്മാരെ ശുശ്രൂഷിക്കുന്നവരും അമ്മയെ പരിചരിക്കുന്നവരും യഥാർത്ഥ സന്യാസികളായി സർവ്വത്ര സഞ്ചരിച്ച് പരോപകാരം ചെയ്യുന്നവരും വാനപ്രസ്ഥാശ്രമത്തിന് യോജിച്ച കർമ്മങ്ങൾ ചെയ്യുന്നവരും ഗൃഹസ്ഥാശ്രമത്തിന്റേതിന് യോജിച്ച കർമ്മങ്ങളനുഷ്ഠിക്കുന്നവരും ശൂരവീരരാണ്. അത്യുത്തമരായി കൃതജ്ഞതാ പാത്രങ്ങളായി തന്റെ തന-മന-ധന-വിദ്യാദികളാൽ ശുഭഗുണങ്ങളെ നേടാൻ ശ്രമിക്കുന്നവരും ശൂരവീരന്മാരാണ്.

**ചോദ്യം : വിദ്യാഭ്യാസമെന്നു പറയുന്നതെന്താണ്?**

**ഉത്തരം** : ഏതൊന്നാൽ പദാർത്ഥങ്ങളുടെ സ്വരൂപത്തെ യഥാവിധി അറിയിക്കാനും അതറിഞ്ഞ് തനിക്കും മറ്റുള്ളവർക്കും സുഖത്തെ നൽകുവാനാകുന്നുവോ അതിനേ വിദ്യ എന്നും പറയുന്നു. അതിനുവിപരീതമായി അറിഞ്ഞ് തനിക്കും അന്യർക്കും ഉപദ്രവം ചെയ്യുന്നത് അവിദ്യ എന്നു പറയുന്നു.

ചോദ്യം : വിദ്യാപ്രാപ്തിക്കും അവിദ്യയുടെ നാശത്തിനുമായി എന്തെല്ലാം കർമ്മങ്ങളാണ് ചെയ്യേണ്ടത്?

ഉത്തരം : വർണ്ണോച്ചാരണം മുതൽ വേദജ്ഞാനം നേടുന്നതിനു യോജിച്ച ബ്രഹ്മചര്യാദി കർമ്മങ്ങളനുഷ്ഠിക്കണം.

**ചോദ്യം : ആരെയാണ് ബ്രഹ്മചാരിയെന്നു പറയുന്നത്?**

**ഉത്തരം** : ജിതേന്ദ്രിയനായി ബ്രഹ്മം അഥവാ വേദവിദ്യാപ്രാപ്തിക്കായി ആചാര്യകുലത്തിൽ ചെന്ന് വിദ്യാഗ്രഹണം നടത്തുന്നയാളാണ് ബ്രഹ്മചാരി.

**ചോദ്യം : ആചാര്യൻ എന്നു പറയുന്നതാരെയാണ്?**

**ഉത്തരം** : വിദ്യാർത്ഥികളെ അത്യന്തസ്നേഹപൂർവ്വം ധർമ്മയുക്തമായ വ്യവഹാരങ്ങളുടെ അധ്യയനം ചെയ്യിക്കുന്നതിനായി തന-മന-ധനാദികളാൽ പ്രയത്നിക്കുന്നവനെ ആചാര്യൻ എന്നുവിളിക്കുന്നു.

**ചോദ്യം : തന്റെ മക്കൾക്ക് മാതാവും പിതാവും ആചാര്യനും നൽകേണ്ട ശിക്ഷണങ്ങൾ ഏതൊക്കെയാണ്?**

**ഉത്തരം** : മാതൃമാൻ പിതൃമാൻ ആചാര്യവാൻ പുരുഷോവേദ (ശതപഥ ബ്രാഹ്മണം). ധാർമ്മികരും പണ്ഡിതരുമായ മാതാപിതാക്കൾക്ക് ജനിക്കുകയും ആചാര്യനുമായി ബന്ധപ്പെടുക എന്നിവക്ക് അവസരം ലഭിക്കുന്നവർ മഹാഭാഗ്യശാലികളാണ്. എന്തെന്നാൽ ഈ മൂവരാൽ നൽകപ്പെടുന്ന വിദ്യാഭ്യാസമാണ് ഒരുവനെ ഉത്തമനാക്കുന്നത്. സ്വന്തം മക്കളേയും വിദ്യാർത്ഥികളേയും നല്ല ഭാഷ പ്രയോഗിക്കാൻ ശീലിപ്പിക്കുകയും നല്ല ഭക്ഷണ-പാനീയങ്ങൾ കഴിക്കാൻ പഠിപ്പിക്കുകയും, ഇരിക്കുക, എഴുന്നേൽക്കുക, വസ്ത്രധാരണം ചെയ്യുക, മാതാപിതാക്കൾ തുടങ്ങിയവരെ ആദരിക്കുക, അവർക്കു മുന്നിൽ തന്നിഷ്ടക്കാരാവാതെ, വിരുദ്ധമായ ചേഷ്ടകൾകാണിക്കാതിരിക്കാൻ പ്രയത്നം ചെയ്യാനായി നിത്യവും ഉപദേശിക്കുക, അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുസരിച്ച് ഉത്തമമായ കാര്യങ്ങൾ പഠിപ്പിക്കുക എന്നിവ ചെയ്യുക. ഇപ്രകാരം അഞ്ചും എട്ടും വയസ്സാകുന്നതുവരെ മാതാപിതാക്കളും തുടർന്ന് ആചാര്യനും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകണം.

**(തുടരും)**

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദാനാം നിത്യത്വ വിചാരഃ

**ഭാഷാർത്ഥം ചോദ്യം –** വേദങ്ങളിൽ ശബ്ദം, ഛന്ദസ്സ, വാക്യം എന്നിവയുടെ സംയോഗമുണ്ടാവുന്നതിനാൽ അത് നിത്യമല്ലാ എന്നൊരു കൂട്ടർ സംശയം പ്രകടിപ്പിക്കുന്നു. ഉണ്ടാക്കാതെ കുടം ഉണ്ടാവുകയില്ല അതേപോലെ വേദങ്ങളേയും ആരെങ്കിലും ഉണ്ടാക്കിയതാവണം. എന്തെന്നാൽ ഉണ്ടാക്കുന്നതിനുമുമ്പ് ഉണ്ടാകുന്നില്ല. പ്രളയത്തിലും (വൈദിക് യന്ത്രാലത്തിൽ അച്ചടിച്ച ഗ്രന്ഥത്തിൽ 'പ്രളയ് കേ അന്ത് മേ' എന്ന പാഠം അശുദ്ധമാണ്) നിലനിൽക്കുന്നില്ല. അതിനാൽ വേദങ്ങളെ നിത്യമായികണക്കാക്കുന്നത് ശരിയല്ല.

**ഉത്തരം** : ഇങ്ങനെ പറയുന്നത് ഉചിതമല്ല. എന്തെന്നാൽ ശബ്ദം രണ്ടുതരത്തിലുണ്ട്. ഒന്ന് നിത്യവും മറ്റേത് കാര്യവും. ഇതിൽ പരമേശ്വരന്റെ ജ്ഞാനത്തിൽ ഏതൊരു ശബ്ദത്തിന്റെ അർത്ഥവും ബന്ധവും ആണുള്ളത് അവ നിത്യമാണ്. നമ്മളിൽ നിന്നുണ്ടാവുന്ന ശബ്ദം കാര്യമാണ് (സാങ്കൽപികമായി). ഇതിൽനിന്നും വ്യക്തമാവുന്ന് സംസ്കൃത ഭാഷയിൽ ഏതൊരു വൈദിക ശബ്ദമാണോ അതേ രൂപത്തിൽ പ്രയോഗിച്ചിരിക്കുന്നത് അത് ഗ്രന്ഥകാരന്റെ അഭിപ്രായമനുസരിച്ച് നിത്യമാണ്. മറ്റെല്ലാം അനിത്യവും , കാരണം ഏതിന്റെ ജ്ഞാനവും ക്രിയയും സ്വഭാവേന സിദ്ധവും അനാദിയുമായിരിക്കുന്നുവോ അതിന്റെ എല്ലാ സാമർത്ഥ്യവും നിത്യമായിരിക്കും. വേദങ്ങൾ അവ്വിധമുള്ളതാകയാൽ നിത്യമാണ്. എന്തെന്നാൽ ഈശ്വരന്റെ വിദ്യ ഒരിക്കലും അനിത്യമാവുന്നില്ല.

കിം ച ഭോഃ സർവ്വസ്യജഗതോ വിഭാഗം പ്രാപ്തസ്യ കാരണ രൂപസ്ഥിതൗ സർവ്വസ്ഥൂലകാര്യാഭാവേ പഠനപാഠന പുസ്തകനാമാഭവാത് (പഠനപാഠനേപുസ്തകാനി ച തേഷാമഭാവാത് ഇത്യേവവിഗ്രഹോ ദ്രഷ്ടവ്യഃ) കഥം വേദാനാം നിത്യത്വം സ്വീക്രിയതെ?

അത്രോച്യതേ - ഇദം തു പുസ്തകപത്രമസീ പദാർത്ഥാദിഷു ഘടതെ, തഥാസ്മാത് ക്രിയാപക്ഷേ (ക്രിയാപക്ഷേƒർത്ഥാത് പഠനപാഠനരൂപേ ലേഖനരൂപേ ച) നേതരസ്മിൻ।

**(തുടരും)**

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*




**വീ**ര്യമെന്തിനാണെന്ന് വല്ലവരും സംശയം ചോദിക്കാനിടയുണ്ട്? എല്ലാ പദാർത്ഥങ്ങളും ഒരേയൊരന്നത്തിൽ നിന്ന് ഉൽപ്പന്നമാവുകയാണെങ്കിൽ അതിലെന്താണ് കുഴപ്പം? ജീവികളുടെ സൃഷ്ടി മൈഥുനി സൃഷ്ടിയുടെ ഭാഗമാണ്. അവയിൽ കേവലം അന്നഗ്രഹണം മൂലം ഉൽപത്തിയുണ്ടാവില്ല. വീര്യസ്ഥാപനത്തിന്റെ ആവശ്യമുണ്ട്.

**തപസോ $f$ ദ്ധ്യജായത** (ഋഗ്വേദം 10.190.1)

ധാതാവ് ഈ സൃഷ്ടിയെ എങ്ങനെയാണ് നിർമ്മിച്ചതെന്ന് വർണ്ണിക്കുന്നത് നോക്കുക.

**സൂര്യാചന്ദ്രമസൗ ധാതാ യഥാപൂർവ്വമകൽപയത്।**
**ദിവം ച പൃഥിവിം ചാന്തരീക്ഷമഥോ സ്വഃ॥**

(ഋഗ്വേദം 10.190.3)

'യഥാപൂർവ്വം' എന്നു പറയുന്നതിനാൽ കൽപ - കൽപാന്തരങ്ങളിൽ സൃഷ്ടിക്ക് വ്യത്യാസമുണ്ടെന്ന് പറയുന്നത് ശരിയല്ല. യഥാപൂർവ്വമെന്നതുകൊണ്ട് എങ്ങനെയാണോ അദ്ദേഹത്തിന്റെ ജ്ഞാനമുണ്ടായിരുന്നത് അതേപോലെ വിശ്വത്തെ സൃഷ്ടിച്ചുവന്ന് ഗ്രഹിക്കണം.

**തസ്മാച്ചദേവാ ബഹുധാ സംപ്രസുതാഃ।**
**സാദ്ധ്യാ മനുഷ്യാഃ പശവോവയാംസി॥**

(മുണ്ഡകോപനിഷത് 2.1.7)

അതായത് അദ്ദേഹത്തിന്റെ അനേകസാമർത്ഥ്യത്താൽ സൃഷ്ടി ഉൽപന്നമായി.

**തതോരാത്ര്യ ജായത।** (ഋഗ്വേദം 10.190.1)

ഈ വിഷയത്തെക്കുറിച്ചെല്ലാം സത്യാർത്ഥപ്രകാശം, പഞ്ചമഹായജ്ഞങ്ങൾ തുടങ്ങിയ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഇനി ഈശ്വരൻ യഥാപൂർവ്വം ജഗത്ത് സൃഷ്ടിച്ചില്ല എന്നുപറയുകയാണെങ്കിൽ അദ്ദേഹം പുതിയ ജഗത് സൃഷ്ടി നടത്തിയപ്പോൾ പണ്ടുസംഭവിച്ച കുറവുകൾ പരിഹരിക്കുകയുണ്ടായോ? അഥവാ അദ്ദേഹത്തിന് ഇത് നേരത്തേ അറിയില്ലായിരുന്നു. തുടങ്ങിയ വാദങ്ങളെല്ലാം കൂട്ടിച്ചേർക്കുകയാണെങ്കിലോ? എന്നാലിത് ഇവിടെ അസ്ഥാനത്തായിരിക്കും. ഈശ്വരന്റെ സർവ്വജ്ഞൻ എന്നഗുണത്തിന് വിപരീതമാവുമിത്. മുമ്പുള്ള സ്ഥിതി, ഇപ്പോഴുള്ള അവസ്ഥ എന്ന വിഷയം വരും.

മറ്റെല്ലാസൃഷ്ടികളും നടത്തിയശേഷമാണ് മനുഷ്യരുണ്ടായത്. അനേകം മനുഷ്യരെ സൃഷ്ടിച്ചു. മറ്റുമതക്കാർ കരുതുന്നത് ആദ്യം രണ്ടു മനുഷ്യരെ മാത്രമാണ് സൃഷ്ടിച്ചത് എന്നാണ്. ഇത് ശരിയല്ല. ഇപ്രകാരം സൃഷ്ടിയുടെ ചരിത്രമാരംഭിച്ചു.

മനുഷ്യസൃഷ്ടിക്കുശേഷം മാനവരുടെ ഇതിഹാസമാരംഭിച്ചു.

അനേകം ദേശങ്ങളിൽ അനേകം പേർ പ്രാചീനകാലത്ത് ഗ്രന്ഥങ്ങളെഴുതി. അവർ പ്രാചീനരായിരുന്നുവെന്നത് കൊണ്ട് മാത്രം അവരെഴുതിയതെല്ലാം ശരിയാണെന്ന് വരുന്നില്ല.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**വേ**ദത്തിൽ ഇതിനുള്ള മാർഗ്ഗം കാണിച്ചുതരുന്നുണ്ട്.

**കാലോ അശ്വേ വഹതി സപ്ത രശ്മിഃ**
**സഹസ്രാക്ഷോ അജരോ ഭൂരിരേതാഃ।**
**തമാരോഹന്തി കവയോ വിപശ്ചിതസ്തസ്യ ചക്രാ ഭുവനാനി വിശ്വാ॥**

(അഥർവ്വം 19.53.1)

അതായത് വളരെ സമർത്ഥനും ബലവാനുമായ കാലം, സർവ്വവ്യാപിയും അതിശീഘ്രഗാമിയും വെള്ള, നീല, പച്ച, ചുവപ്പ് മുതലായ നിറങ്ങളോട് കൂടിയ കിരണങ്ങളുള്ള സൂര്യനേപ്പോലെ പ്രകാശിക്കുന്നവനാണ്. അപ്രകാരമുള്ള കാലത്തെ (സമയത്തെ) ക്രാന്തദർശിയും ബുദ്ധിമാനുമായ മനുഷ്യർ എല്ലാ അവസ്ഥയിലും ഒരു കുതിരയേപ്പോലെ സഹായിയായി കരുതി സ്വന്തം കർത്തവ്യങ്ങളെ സിദ്ധമാക്കുന്നു.

കാലത്തിന്റെ ഗതി വളരെ വേഗത്തിലുള്ളതാണ്. അതിനെ പിടികൂടുക എന്നത് വളരെ ദുഷ്കരമാണ്. സമയത്തിന്റെ വേഗതമൂലം വർത്തമാനകാലത്തെ നമ്മൾ കാണുന്നതുപോലുമില്ല. ഓരോ നിമിഷവും ഭാവി എന്നത് ഭൂതമായി മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ ബുദ്ധിമാനായ മനുഷ്യൻ സമയത്തെ ശരിയായി വിനിയോഗിച്ച് സ്വന്തം ജീവിതം നയിക്കുന്നു. വ്യർത്ഥമായ കർമ്മങ്ങൾക്കുവേണ്ടി സമയം ചിലവാക്കരുത്. കർമ്മം ചെയ്യുക, പരോപകാരം ചെയ്യുക, സ്വന്തം ജീവിതത്തേയും മറ്റുള്ളവരുടെ ജീവിതത്തേയും നന്നാക്കുക. സ്വയം നന്നായാലേ സമൂഹത്തേ നന്നാക്കാൻ സാധിക്കുകയുള്ളു.

സമയം വളരെ ബലവാനാണ്. നമ്മുടെ ജീവിതലക്ഷ്യം പൂർത്തീകരിച്ചില്ലെങ്കിൽ ഭാവിയിൽ പശ്ചാത്തപിക്കേണ്ടിവരും. അതിനാൽ എന്തുകൊണ്ട് ആനന്ദപ്രാപ്തിക്കും ഈശ്വര പ്രാപ്തിക്കും വേണ്ടി ഇപ്പോൾ തന്നെ ശ്രമിച്ചുകൂടാ? പരാന്തകാലം സുഖത്തോടും ശാന്തിയോടും ആനന്ദത്തോടും ജനന – മരണ ചക്രങ്ങളിൽനിന്ന് മുക്തനായിരുന്നുകൂടേ?

സമയത്തെപ്പറ്റി മനസ്സിലാക്കിയവൻ ജീവിത രഹസ്യത്തേപ്പറ്റിയും മനസ്സിലാക്കിയവനാണ്.

സമയത്തെ പൂർണ്ണമായും നല്ല രീതിയിൽ ഉപയോഗിക്കാൻ സാധിക്കണം. ജീവിതത്തിന്റെ ഓരോ നിമിഷവും അമൂല്ല്യവും ദുർല്ലഭവുമാണ്. ഓരോ ക്ഷണത്തേയും ആനന്ദപൂരിതമാക്കണം. ഭൂതകാലത്തെപ്പറ്റി മറക്കുക. ഭാവിയെപ്പറ്റി ചിന്തിക്കാതിരിക്കുക. വർത്തമാനകാലത്തെ ഫലവത്തായി ഉപയോഗിക്കുക. സമയത്തെപ്പറ്റി മനസ്സിലാക്കിയവനാണെങ്കിൽ സമയം അവന്റെ കൂടെ സഞ്ചരിക്കുന്നു. അതല്ലെങ്കിൽ സമയം മുന്നിൽ സഞ്ചരിക്കും. കാണുന്നവൻ പിറകിലുമായിത്തീരും. പ്രതീക്ഷയോടുകൂടി വർത്തമാനകാലത്തിൽ വസിക്കുക. അതാണ് സമയം നമ്മോട് ആവശ്യപ്പെടുന്നത്.

**ചോദ്യം 67 : കാലത്തിന്റെ ഉൽപത്തി എപ്പോഴാണ് ഉണ്ടാകുന്നത്?**

**ഉത്തരം** : സമയത്തേയാണ് കാലം എന്നുപറയുന്നത്. അതിന്റെ ഉൽപത്തി സൃഷ്ടി രചനയുടെ കൂടെ തന്നെയാണ് സംഭവിക്കുന്നത്. എന്തെങ്കിലും പ്രത്യേക സംഭവത്തോടെയാണ് കാലത്തിന്റെ അസ്തിത്വമുണ്ടാകുന്നത്. പ്രത്യേക സംഭവങ്ങളൊന്നുമില്ലാ എങ്കിൽ കാലത്തിന് പ്രത്യേകിച്ച് മഹത്വങ്ങളൊന്നുമില്ല.

എപ്പോഴാണോ സത്വ – രജ – തമോ ഗുണങ്ങളുടെ സാമ്യാവസ്ഥക്ക് ഭംഗം വരുന്നതും സംഭവങ്ങൾക്ക് തുടക്കമാവുന്നതും അപ്പോഴാണ് കാലത്തിന്റെ ഉൽപത്തി – അഥവാ – കാലത്തിന് അസ്തിത്വമുണ്ടാവുന്നത്.

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**യോ**ഗവിദ്യയെ സംബന്ധിച്ച ഏതാനും വേദമന്ത്രങ്ങൾ താഴെ കൊടുക്കുന്നു.

**യുഞ്ജതെ മനഉത യുഞ്ജതെ ധിയോ**
**വിപ്രാവിപ്രസ്യ ബൃഹതോ വിപശ്ചിതഃ।**
**വി ഹോത്രാ ദധേ വയുനാവിദേക**
**ഇൻമഹീ ദേവസ്യ സവിതുഃ പരിഷ്ടുതിഃ॥**

(ഋഗ്വേദം 5.81.1)

**പദാർത്ഥം:–** (യുഞ്ജതെ മനഃ) ജീവാത്മാക്കൾ പരമേശ്വരന്റെ ഉപാസന നിത്യവും നടത്തണം. അഥവാ എല്ലാ മനുഷ്യരും തന്റെ മനസ്സിനേ അദ്ദേഹത്തിൽ സ്ഥിരമാക്കി നിർത്തണം. ആരാണോ ഈശ്വരന്റെ ഉപാസകർ (വിപ്രാഃ) അതായത് വലിയ ബുദ്ധിമാന്മാർ (ഹോത്രാഃ) ഉപാസനായോഗത്തെഗ്രഹിക്കുന്നവരാണ് അവർ (വിപ്രസ്യ) എല്ലാവരേയുംഅറിയിക്കുന്നവനായ (ബൃഹതഃ) എല്ലാറ്റിലും വലുതായ (വിപശ്ചിതഃ) എല്ലാ വിദ്യകളാലും യുക്തനായ പരമേശ്വരൻ - അദ്ദേഹത്തിൽ (മനഃ യുഞ്ജതെ) സ്വന്തം മനസ്സിനെ ശരിയാംവണ്ണം ഉറപ്പിച്ചുനിർത്തുകയും (ഉതധിയഃ) തന്റെ ബുദ്ധി വൃത്തി അതായത് ജ്ഞാനത്തേയും (യുഞ്ജതെ) സദാ പരമേശ്വരനിൽ സ്ഥിരമാക്കി നിർത്തുകയും ചെയ്യുന്നു. ഏതൊരു പരമേശ്വരനാണോ ഈ സമസ്തജഗത്തിനേയും (വിദധേ) ധാരണവും വിധാനവും ചെയ്യുന്നത് (വയുനാവിദേക ഇത്) ഏതൊന്നാണോ സർവ്വജീവികളുടേയും ജ്ഞാനത്തിന്റേയും പ്രജ്ഞയുടേയും സാക്ഷിയാവുന്നത്, ആ പരമാത്മാവ് സർവ്വത്രവ്യാപകനാണ്. അതിലും വലിയ ഉത്തമപദാർത്ഥങ്ങളൊന്നുമില്ല. (ദേവസ്യ) ആ ദേവൻ അതായത് സർവ്വജഗത്തിന്റെയും പ്രകാശകനും (സവിതുഃ) എല്ലാറ്റിന്റെയും രചന നടത്തുന്ന പരമേശ്വരനെ (പരിഷ്ടുതിഃ) ഞങ്ങൾ എല്ലാ പ്രകാരത്തിലും സ്തുതിക്കുന്നു. ആ സ്തുതി എങ്ങനെയാണെന്നാണെങ്കിൽ (മഹീ) എല്ലാറ്റിലും വെച്ച് വലുതും അതായത് അതിനു തുല്ല്യമായി മറ്റൊന്നില്ലാ എന്നുമാണ്. (ഋഗ്വേദാദിഭാഷ്യഭൂമിക - ഉപാസനാ വിഷയം)

**യുഞ്ജാനഃ പ്രഥമം മനസ്തത്വായ സവിതാ ധിയം।**
**അഗ്നേജ്യോതിർനിചായ്യ പൃഥിവ്യാഅദ്ധ്യാഭരത്॥**

(യജുർവ്വേദം 11.1)

**പദാർത്ഥം:–** (യുഞ്ജാനഃ) യോഗ ചെയ്യുന്ന മനുഷ്യൻ (തത്ത്വായ) തത്ത്വം അതായത് ബ്രഹ്മജ്ഞാനത്തിനായി (പ്രഥമം മനഃ) എപ്പോഴാണോ തന്റെ മനസ്സിനെ ആദ്യമായി ഈശ്വരനിൽ യുക്തമാക്കി നിർത്തുന്നത് അപ്പോൾ (സവിതാ)പരമേശ്വരൻ അയാളുടെ (ധിയമ്) ബുദ്ധിയെ തന്റെ കൃപയാൽ തന്നിൽ യുക്തമാക്കിനിർത്തുന്നു. (അഗ്നേർജ്യോ) വീണ്ടും പരമേശ്വരന്റെ പ്രകാശത്താൽ തീർച്ചയായും (അധ്യാഭരത്) യഥാവിധി ധാരണം ചെയ്യുന്നു. (പൃഥിവ്യാഃ) പൃഥിവിയുടെ ഇടയിൽ അതാണ് യോഗിയുടെ പ്രസിദ്ധമായ ലക്ഷണം . (മഹർഷി ദയാനന്ദ കൃതയജുർവ്വേദഭാഷ്യം)

**യോഗേ യോഗേ തവസ്തരം വാജേ വാജേ ഹവാമഹേ।**
**സഖായ ഇന്ദ്രമൂതയേ॥**

(യജുർവ്വേദം 11.14)

വീണ്ടും വീണ്ടും യോഗാഭ്യാസം ചെയ്യുകയും മാനസികവും ശാരീരികവുമായ ബലത്തേ വർദ്ധിപ്പിക്കുകയും ചെയ്യുന്ന സമയത്ത് നാം പരസ്പരമിത്രഭാവത്താൽ തങ്ങളുടെ രക്ഷയും അനന്തബലവാനും ഐശ്വര്യശാലിയായ ഈശ്വരന്റെ എല്ലാവിധ സഹായങ്ങളും അഭ്യർത്ഥിക്കുന്നു.

ഇതിൽനിന്നും മനസ്സിലാവുന്നത് ഈ വിദ്യയുടെ മൂല സ്രോതസ്സ് വേദങ്ങളാണെന്നും മഹർഷി പതഞ്ജലിയുടെ യോഗദർശനത്തിൽ പ്രതിപാദിച്ച യോഗവിദ്യ വേദങ്ങളിൽ നിന്ന് വന്നതാണെന്നുമാണ്.

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 1** **പുരാണങ്ങൾ എന്ത്? എന്തിന്?**

## എന്താണ് പുരാണം

**കേ**തുഭാലം പടിഞ്ഞാറ് അസർബജാൻ ദേശം (ആര്യബീജസ്ഥാനമെന്നതിന്റെ അപഭ്രംശമാണ് അസർബജാൻ) മുതൽ കാസ്പിയൻ കടൽ (കശ്യപസാഗരം) വരെ. ഉത്തരഭാഗത്ത് സൈബീരിയ (സംസ്കൃതത്തിലെ 'ശിബിര' മെന്ന വാക്കിൽ നിന്നാണിത് ഉണ്ടായത്. റഷ്യൻഭാഷയിൽ ഇപ്പോഴും ഇതിന് ശിബിരമെന്നാണ് പറയുന്നത്. സൈബീരിയ എന്നല്ല) ഈ ചതുർദ്വീപിയവിശ്വത്തെ ചതുഷ്പത്രീഭൂവനപദം എന്നാണ് പുരാണങ്ങൾ വർണ്ണിക്കുന്നത്. ഈ ചതുർദ്വീപിയ വിഭാജനത്തിനുശേഷം മറ്റൊരുതരത്തിൽ പൃഥിവിയുടെ വർഗ്ഗീകരണം ഏഴുദ്വീപുകളായി പറയുന്നുണ്ട്. ഈ വർണ്ണനയിൽ ജംബുദ്വീപിന്റെ സ്ഥിതി മദ്ധ്യത്തിലാണ് പറയുന്നത്. ഇവക്കുചുറ്റുമുള്ള സമുദ്രങ്ങളുടെ വിവരണവുമുണ്ട്. ക്ഷീരസാഗരം, ദധിസാഗരം, ഘൃതസാഗരം തുടങ്ങിയ പേരുകളിലാണ് ഇവ അറിയപ്പെടുന്നത്. സമുദ്രങ്ങളിലെ ഘനിജങ്ങൾ, അവയുടെ സ്വഭാവം എന്നിവ കണക്കിലെടുത്താണ് ഇത്തരം പേരുകൾ നൽകിയതം. കരിങ്കടൽ, ചെങ്കടൽ എന്നിവപോലെ ഏഴു ദ്വീപുകൾ വ്യത്യസ്തമായ സമുദ്രങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്നു. അവയുടെ വിവരണമിങ്ങനെയാണ്.

| | | |
|---|---|---|
| 1. ജംബുദ്വീപം | - | ക്ഷാരസാഗരം |
| 2. പുഷ്പദ്വീപം | - | ഇസുരസ സമുദ്രം |
| 3. ശാല്മലീദ്വീപം | - | സുരാ സമുദ്രം |
| 4. കുശദ്വീപം | - | ഘൃതസമുദ്രം |
| 5. ക്രൗഞ്ചദ്വീപം | - | ദധിസാഗരം |
| 6. ശകദ്വീപം | - | ക്ഷീര സാഗരം |
| 7. പുഷ്കരദ്വീപം | - | സ്വാദിഷ്ട ജലരാശികളാൽ ചുറ്റപ്പെട്ടത് |

## പുരാണങ്ങളിലെ വംശചരിത്രം

പുരാണങ്ങളുടെ പഞ്ചലക്ഷണങ്ങളിലൊന്നാണ് വംശാനുചരിതമെന്ന് നേരത്തേ പറഞ്ഞു. വിവിധരാജവംശങ്ങളുടെ ചരിത്രമാണ് വംശാനുചരിതം. പുരാണങ്ങളിൽ രാജാക്കന്മാരുടെ വംശാവലി വൈവസ്വത മനുവിൽനിന്നാണ് ആരംഭിക്കുന്നത്. മനുവിന്റെ പുത്രന്മാരിൽനിന്ന് സൂര്യവംശവും പുത്രി ഇളയിൽനിന്ന് സോമവംശവും ആരംഭിക്കുന്നു. സൂര്യവംശത്തിലെ ഒന്നാമത്തെ രാജാവ് ഇഷ്വാകു ആണ്. ഈ വംശ പരമ്പരയിൽ പൃഥു, മാന്ധാതാ, ഹരുശ്ചന്ദ്രൻ, സഗരൻ, ഭഗീരഥൻ തുടങ്ങിയ രാജാക്കന്മാരുണ്ടായി. തുടർന്ന് ഈ പരമ്പരയിൽ ദിലിപൻ, രഘു, അജൻ, ദശരഥൻ, ശ്രീരാമൻ, ലവ - കുശന്മാർ എന്നിവരുമുണ്ടായി. ഈ വംശത്തിലെ ശ്രുതായു എന്ന രാജാവ് മഹാഭാരതയുദ്ധത്തിൽ പരാജയപ്പെട്ടതായി പറയുന്നുണ്ട്. എന്നാൽ വിഷ്ണു പുരാണം, ഹരിവംശം എന്നിവയിൽ ഈ വംശത്തിലെ അവസാന രാജാവ് ബൃഹദ്ബലൻ ആണെന്നു പറയുന്നുണ്ട്.

മനുപുത്രിയായ ഇളയുടെ വംശപരമ്പരയാണ് പുരാണങ്ങളിൽ വിവരിക്കുന്ന മറ്റൊരു സവിശേഷപരമ്പര. ഇളക്ക് ബുധനിൽനിന്ന് പുരൂരവ എന്ന ഒരു പുത്രനുണ്ടായി. പുരൂരവക്ക് ആയു, അമാവസു തുടങ്ങിയ 6 പുത്രന്മാരുമുണ്ടായി. അമാവസുവിന് 'ജഹ്നു' എന്നു പേരായ പ്രതാപശാലിയായ ഒരു പുത്രനുണ്ടായി. അദ്ദേഹം ഗംഗയെ കുടിച്ചുവറ്റിച്ചു എന്നു പറയപ്പെടുന്നു. ജഹ്നുവിന്റെ പരമ്പരയിൽ കുശാംബൻ എന്നു പേരായ വംശത്തിൽ 'ഗാഥി' എന്ന പുത്രനുണ്ടായി. ഇവരെ കാലക്രമേണ കൗശികർ എന്നുപറഞ്ഞു വന്നു. പരശുരാമന്റെ പിതാവായ ജമദഗ്നി ഋഷിയും ഈ പരമ്പരയിൽ വരുന്നതാണ്.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 9 ആദ്ധ്യാത്മിക വിഷയം

**ചോദ്യം 12 : മോക്ഷാവസ്ഥയിൽ സുഖമുണ്ടാവുമോ, ദുഃഖമുണ്ടാവുമോ?**

**ഉത്തരം** : മുക്താവസ്ഥയിൽ ഒരു തരത്തിലുമുള്ള ദുഃഖങ്ങളുമുണ്ടാവില്ല. അവിടെ കേവലം ഈശ്വരീയ ആനന്ദാനുഭൂതി മാത്രമാണുണ്ടാവുക.

**ചോദ്യം 13 : മുക്തി എങ്ങനെ പ്രാപിക്കാനാവും?**

**ഉത്തരം** : സത്യം, സംയമം, വിദ്യാപ്രാപ്തി, ധർമ്മാചരണം എന്നിവ അനുഷ്ഠിക്കുന്നതിലൂടെ മുക്തി ലഭിക്കുന്നു.

**ചോദ്യം 14 : ശരീരം എത്ര പ്രകാരത്തിലുണ്ട്?**

**ഉത്തരം** : ശരീരം മൂന്നു പ്രകാരത്തിലുണ്ട്. സ്ഥൂലശരീരം, സൂക്ഷ്മശരീരം, കാരണ ശരീരം എന്നിവയാണവ.

**ചോദ്യം 15 : സ്ഥൂലശരീരം എന്തെല്ലാം തത്വങ്ങളാലാണുണ്ടായത്?**

**ഉത്തരം** : പൃഥിവി, ജലം, അഗ്നി, വായു, ആകാശം എന്നിവയാലുണ്ടാകുന്നതാണ് സ്ഥൂല ശരീരം.

**ചോദ്യം 16 : വിദ്യാപ്രാപ്തിക്കുള്ള നാലുപായങ്ങൾ ഏവ?**

**ഉത്തരം** : ശ്രവണം, മനനം, നിദിധ്യാസനം, സാക്ഷാത്ക്കാരം എന്നിവയാണ് വിദ്യാപ്രാപ്തിക്കുള്ള നാലുപായങ്ങൾ

**ചോദ്യം 17 : ഈ നാലുപായങ്ങളെ ഒന്നുകൂടി പരിചയപ്പെടുത്തിയാലും?**

**ഉത്തരം** : ശ്രവണമെന്നാൽ ശ്രദ്ധയോടെ കേൾക്കുക. മനനം – കേട്ടകാര്യങ്ങൾ ഏകാന്തമായിരുന്ന് ഓർമ്മിച്ച് ചിന്തിക്കുക. നിദിദ്ധ്യാസനം – വിവേചനം ചെയ്യുക. സാക്ഷാത്ക്കാരം എന്നാൽ ശരിയായ ജ്ഞാനത്തെ പ്രാപിക്കുക.

**ചോദ്യം 18 : എന്താണ് സൂക്ഷ്മശരീരം?**

**ഉത്തരം** : മനസ്സ്, ശുദ്ധി, സൂക്ഷ്മേന്ദ്രീയങ്ങൾ തുടങ്ങിയ 18 പദാർത്ഥങ്ങൾക്കാണ് സൂക്ഷ്മശരീരമെന്നു പറയുന്നത്.

**ചോദ്യം 19 : ജന്മം ഒന്നാണോ അനേകമാണോ?**

**ഉത്തരം** : ജന്മങ്ങൾ അനേകമുണ്ട്.

**ചോദ്യം 20 : പൂർവ്വ ജന്മസ്മരണകൾ ഉണ്ടാവാത്തത് എന്തുകൊണ്ടാണ്?**

**ഉത്തരം** : ആത്മാവിന്റെ ജ്ഞാനവും സാമർത്ഥ്യവും കുറവായതിനാലാണ് പൂർവ്വജന്മ സ്മരണകൾ ഉണ്ടാവത്തത്.

**ചോദ്യം 21 : ആത്മാക്കൾ ഒന്നാണോ? അനേകമാണോ?**

**ഉത്തരം** : ആത്മാക്കൾ അനേകമുണ്ട്.

**ചോദ്യം 22 : മനുഷ്യൻ, പശു. പക്ഷി തുടങ്ങിയവരുടെ ശരീരങ്ങളിലെ ആത്മാക്കൾ സമാനരാണോ?**

**ഉത്തരം** : അതെ

**(തുടരും)**

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം –5*



**ന**ാലു ചക്രവാഹനങ്ങളും ഇരുചക്രവാഹനങ്ങളും തലങ്ങും വിലങ്ങും ഓടുന്നുണ്ട്. മറ്റു വലിയ വാഹനങ്ങൾ അധികമോടുന്നില്ല. ഒരു പക്ഷേ റോഡുകളുടെ വീതിക്കുറവ് മൂലമായിരിക്കാം. കുറച്ചു ദൂരം ചെന്നപ്പോൾ അയാൾ ഒരു നാൽക്കവലയിൽ എത്തി. നാലുപാടും ഒന്ന് കണ്ണോടിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും ഹിന്ദിയിലും എഴുതി സ്ഥാപിച്ച ഒരു ബോർഡ് കണ്ടു. 'കേരളസമാജം'. പാച്ചന് ആശ്വാസമായി അതുകണ്ടപ്പോൾ. നേരെ കയറി ചെന്ന് കോളിംഗ് ബെല്ലടിച്ച് സവിനയം കാത്തുനിന്നു. ഉള്ളിൽ നിന്നൊരാൾ ജനാലയിൽക്കൂടെ ഒന്നു നോക്കിയശേഷം വാതിൽ തുറന്നു.

"ആരാ? (കോൻ ഹേ?) എവിടുന്നാ? (കിധർ സേ?) ഹിന്ദിയിലാണ് ചോദിച്ചത്. മഹാനഗരമല്ലേ, ഉദരനിമിത്തം ബഹുകൃതവേഷക്കാരുണ്ടാകുമല്ലോ. അതുകൊണ്ടാവാം സംശയം പ്രകടിപ്പിച്ചത്. പാച്ചൻ ഉള്ളാൽ ഊഹിച്ചു.

" ഒരു മലയാളിയാണ്. ഒറ്റപ്പാലത്തുകാരനാണ്." രഘുവിന്റെ വിലാസം അയാൾക്കുനേരെ നീട്ടി. "ഇദ്ദേഹത്തേ അന്വേഷിച്ചുവന്നതാണ്".

ആതിഥേയൻ വിലാസം വാങ്ങിനോക്കി.

"ഓഹോ, ഇദ്ദേഹമോ? ഒഴിവുദിവസങ്ങളിൽചിലപ്പോഴൊക്കെ ഇവിടെ വരാറുണ്ട്. കേറിയിരിക്കൂ". അയാൾ ആതിഥ്യമര്യാദകാണിച്ചു.

പാച്ചൻ അകത്തേക്ക് കേറിയിരുന്ന് അദ്ദേഹത്തിന്റെ മുഖത്തേക്ക് ആകാംക്ഷയോടെ നോക്കി. 'അതാ– കൂറ്റൻ ഉയർന്ന വണ്ണം കൂടിയ 'കോഹിന്നൂർ മിൽ' എന്ന് ഇംഗ്ലീഷിലെഴുതിയ ഒരു വമ്പൻ കുഴൽസ്തംഭം കാണുന്നില്ലേ? ആ മില്ലിലാണദ്ദേഹത്തിന് ജോലി. അവിടെ പോയി കാത്തിരുന്നാൽ വൈകുന്നേരം 5 മണിക്ക് മില്ല് വിട്ടുവരുമ്പോൾ കാണാം. കണ്ടാലറിയില്ലേ? തിരക്ക് വല്ലാതുണ്ടാകും. സിനിമ വിട്ടപോലെ".

പാച്ചൻ ചുമരിൽ തൂക്കിയിട്ടിരുന്ന ക്ലോക്കിലേക്ക് നോക്കി. സമയം 1 ¼ അയാൾ എഴുന്നേറ്റു "എന്നാൽ ഞാനിറങ്ങട്ടെ". തൊഴുകയ്യോടെ യാത്ര പറഞ്ഞ് പുറത്തേക്കിറങ്ങി.

പടിഞ്ഞാറ് കണ്ട കുഴൽസ്തംഭം ലക്ഷ്യമാക്കി പാച്ചൻ നടന്നു. ശിവജി പാർക്കിനുതൊട്ടു താഴെ കിടക്കുന്ന വിസ്തൃതമായ ഹൈവേയിലെത്തി. മില്ലിന്റെ ഗോപുരത്തിലേക്ക് റോഡ് മുറിച്ചു കടക്കണം. നിരനിരയായോടുന്ന കണ്ടതും കാണാത്തതുമായ അനന്തവാഹനനിര. മുറിച്ചുകടക്കുന്നതെങ്ങനെ? അമ്പരന്നുനിന്നു അയാൾ. ആറുവരിയാർന്ന റോഡ്. ഫുട്പാത്തിലാണെങ്കിൽ പൂഴിയിട്ടാൽ താഴേക്ക് വീഴാത്തത്ര ജന പ്രവാഹം. യൂറോപ്പ്, അമേരിക്ക, ചൈന, ബർമ്മ (ബ്രഹ്മദേശം), സിങ്കപ്പൂർ എന്നു വേണ്ട ലോകമാനവരാശിയുടെ സാമ്പിളുകളെയെല്ലാം ആ പ്രവാഹത്തിൽ കാണാം.

**(തുടരും)**

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***